 മ്ലങ്ങളെ ആവശ്യമല്ലാത്ത കൊഴുപ്പമ്ലങ്ങളെന്നും (Non essential fatty acids) ആണ് പറയുന്നത്. കൊഴുപ്പ് പ്രധാനം ചെയ്യുന്നത് ഊർജ്ജമാണ്. ധാന്യകങ്ങളെക്കാൾ 2.5 മടങ്ങ് കൂടുതൽ ഊർജ്ജം കൊഴുപ്പിൽ നിന്നും ലഭ്യമാണ്.

ജീവകങ്ങളെയും, ധാതുലവണങ്ങളെയും സൂക്ഷ്മപോഷകങ്ങളെന്നാണ് (Micronutrients) പറയുന്നത്. ജീവകങ്ങളുടേയും, ധാതുലവണങ്ങളുടേയും കുറവ് ഭക്ഷണത്തിലുങ്കെിൽ 'പോഷക ന്യൂനതാ രോഗങ്ങൾക്ക് (Deficiency diseases) കാരണമാകാറുണ്ട്.

**ജീവകങ്ങളെ രണ്ടായി തരംതിരിക്കാം.**

1. ജലലേയ ജീവകങ്ങൾ (Water Soluble Vitamins)

2.കൊഴുപ്പ്ലേയ ജീവകങ്ങൾ (Fatsolublevitamins) B-complex ജീവകങ്ങൾജീവകം സി എന്നിവ ജലത്തിൽ ലയിക്കുന്നവയും ദൈനംദിന കഴിക്കുന്ന ഭക്ഷണത്തിലൂടെ ശരീരത്തിലേക്ക് ലഭിക്കുന്നതും ബാക്കിയുള്ളത് വിസർജ്ജിക്കപ്പെടുന്നതുമാണ്.

കൊഴുപ്പ്ലേയ ജീവകങ്ങൾ A, D, E, K എന്നിവ കൊഴുപ്പിൽ ലയിക്കുന്നവയും, ശരീരത്തിൽ കൊഴുപ്പ് സൂക്ഷിക്കപ്പെടുന്നതോടൊപ്പം ശരീരത്തിൽ ഒരു പരിധിവരെ സംഭരിച്ച് വെയ്ക്കുന്നവയുമാണ്.

ധാതുലവണങ്ങളിൽ ശരീരത്തിന് കൂടിയ തോതിൽ ആവശ്യമുള്ളവയെ മൊത്ത ധാതുക്കൾ (Macro minerals) എന്നും താരതമ്യേന കുറഞ്ഞ തോതിൽ ആവശ്യമുള്ളവയെ സൂക്ഷ്മ ധാതുക്കൾ (Micro minerals) എന്നുംപറയുന്നു.

Macro: Ca, P, Mg, Na, K, S,

Micro: Fe, Cu, Co, I, Zn, Ze, Fl, Cr, Sn, Va

ഭക്ഷണത്തിൽ ഏത് ജീവിയ്ക്കായാലും ഈ പോഷകങ്ങൾ ആവശ്യമുള്ളതോതിൽ അടങ്ങിയിട്ടുള്ള ഭക്ഷണത്തെ സന്തുലിത ആഹാരം (Balanced diet)എന്നും സമീകൃത ആഹാരം എന്നും പറയാവുന്നതാണ്.

മത്സ്യകൃഷിയിലും തീറ്റ സമീകൃതമായിരിക്കണം. അതുകൊണ്ട് ഒന്നിലധികം തീറ്റ വസ്തുക്കൾ ശാസ്ത്രീയമായി കൂട്ടിയോജിപ്പിച്ച് ഒരു സമീകൃതമായ തീറ്റമിശ്രിതങ്ങളാക്കിയാൽ അത് മത്സ്യോൽപാദനം കൂട്ടുവാൻ സഹായിക്കുന്നതാണ്. അതുകൊണ്ട് തീറ്റ സംരചന (Feed computation or feed formulation) എങ്ങിനെയാണ് ശാസ്ത്രീയമായി ചെയ്യുന്നത് എന്നും, മത്സ്യതീറ്റയുടെ നിർമ്മാണ സങ്കേതങ്ങളുമാണ് (Fish feed production technologies) ഇനി ഇവിടെ വിവരിക്കുന്നത്. തീറ്റ സംരചനയ്ക്ക് മുമ്പ് നാം വളർത്തുന്ന മത്സ്യത്തിന്റെ പോഷക ആവശ്യങ്ങൾ (Nutritonal requirements) അറിഞ്ഞിരിക്കേതാണ്.

## PEARSON SQUARE

Pearsonsquare ഉപയോഗിച്ച് തീറ്റമിശ്രിതം ഉണ്ടാക്കുമ്പോൾ രണ്ട് തീറ്റ വസ്തുക്കളുടെ ഏതെങ്കിലും ഒരു പോഷകത്തിന്റെ അളവ് മാത്രമേ നിയന്ത്രിക്കാൻ സാദ്ധ്യമാവൂ. ഉദാ: കടലപ്പിണ്ണാക്കും മീൻപൊടിയും ഉപയോഗിച്ച് 40% മാംസ്യം അടങ്ങിയ ഒരു മിശ്രിതം എങ്ങിനെ നിർമ്മിക്കാമെന്ന് നോക്കാം.

ഒരു ചതുരത്തിന്റെ വലത്തെ കോണുകളിൽ തീറ്റ വസ്തുക്കളായ കടലപ്പിണ്ണാക്കിന്റെയും മീൻപൊടിയുടേയും മാംസ്യാംശം രേഖപ്പെടുത്തുക.




ചതുരത്തിന്റെ നടുക്ക് തീറ്റമിശ്രിതത്തിലടങ്ങിയിരിക്കേണ്ട മാംസ്യത്തിന്റെ അളവ് എത്രയാണെന്ന് എഴുതുക.

- Diagonal ആയി കടലപ്പിണ്ണാക്കിന്റെ മാംസ്യാംശത്തിൽ നിന്ന് 40 കിഴിച്ച് വലത്തെയറ്റത്തെ താഴത്തെ കോണിൽ (3) രേഖപ്പെടുത്തുക.

- അതേപോലെ മീൻപൊടിയുടെ മാംസ്യാംശത്തിൽ നിന്ന് 40 കിഴിച്ച് വലത്തെയറ്റത്തെ മുകളിലെ കോണിൽ (25) രേഖപ്പെടുത്തുക.
- ചതുരത്തിന്റെ വലത്തെ കോണിലെ അക്കങ്ങൾ കൂട്ടുക.
- മിശ്രിതത്തിൽ ചേർക്കേണ്ട കടലപ്പിണ്ണാക്കിന്റെ അംശം 25/28 X 100= 89.28%, മിശ്രിതത്തിൽ ചേർക്കേണ്ട മീൻപൊടിയുടെ അംശം 3/28 X 100 = 10.72% എന്ന് ലഭിക്കുന്നു.
- രണ്ടിൽ കൂടുതൽ തീറ്റ വസ്തുക്കൾ ഉപയോഗിക്കണമെങ്കിൽ അവയുടെ പോഷക സംപുഷ്ടതയുടെ അടിസ്ഥാനത്തിൽ അവയെ വർഗ്ഗീകരിച്ച് അവയുടെ ശരാശരി കണ്ടുപിടിച്ച് Pearson square ൽ ഉപയോഗിക്കാവുന്നതാണ്.

## HIT AND TRIAL

ഈ രീതിയിൽ 100 ശതമാനത്തിൽ എത്ര ശതമാനം ഓരോ തീറ്റ വസ്തുവും ഉൾപ്പെടുത്തണമെന്ന് നിശ്ചയിച്ചതിനുശേഷമാണ് ഓരോ തീറ്റ വസ്തുവിൽ നിന്നും എത്ര പോഷകം ലഭ്യമാകുമെന്ന് കണക്കാക്കുന്നത്. Calculator ഉപയോഗിച്ചും Computerൽ excel work sheet ഉപയോഗിച്ചും തീറ്റ സംരചന നടത്താവുന്നതാണ്.

**മത്സ്യക്കുഞ്ഞുങ്ങളെ കൃഷിയിടത്തിൽ ഇറക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

- മത്സ്യക്കുഞ്ഞുങ്ങളെ പോളിത്തീൻ കവറുകളിൽ ഓക്സിജൻ നിറച്ച് വേണം കൊണ്ടുപോകേണ്ടത്
- ദൂര സ്ഥലങ്ങളിലേക്ക് (6 മണിക്കൂറിലധികം സമയം) കൊണ്ടു പോകുമ്പോൾ എ.സി. യുള്ള വാഹനത്തിൽ മാത്രം കൊണ്ട് പോകുവാൻ ശ്രമിക്കുക.
- മത്സ്യക്കുഞ്ഞുങ്ങളെ കൃഷിയിടത്തിൽ ഇറക്കി വിടുന്നതിന് മുമ്പ് പോളിത്തീൻ കവറുകൾ തുറക്കാതെ തന്നെ അരമണിക്കൂർ വെള്ളത്തിൽ ഇറക്കി വെയ്ക്കുക
- അരമണിക്കൂറിന് ശേഷം കവറുകൾ തുറന്ന് കുളത്തിലെ വെള്ളം കുറെശ്ശെയായി കവറിലേക്ക് ഒഴിച്ച് കൊടുത്തുകൊണ്ടിരിക്കുക.
- ഒരു മണിക്കൂറിന് ശേഷം കവറിൽ നിന്നും മീൻ കുഞ്ഞുങ്ങളെ തുറന്ന് വിടുക.
- തുറന്ന് വിട്ട് 12 മണിക്കൂറിന് ശേഷം തീറ്റ കൊടുത്ത് തുടങ്ങുക.
- ആകെ മത്സ്യ ഭാരത്തിന്റെ 5% എന്ന തോതിൽ 3 നേരങ്ങളിലായി തീറ്റ നൽകി തുടങ്ങുക.

# കരിമീൻ കൃഷി

ഡോ. വികാസ് പി.എ.
സബ്ജക്റ്റ് മാറ്റർ സ്പെഷ്യലിസ്റ്റ് (ഫിഷറീസ്)
കൃഷി വിജ്ഞാനകേന്ദ്രം (എറണാകുളം),
ഞാറയ്ക്കൽ പി. ഒ., കൊച്ചി - 682505
vikaspattath@gmail.com
Mob: 9447993980

## ആമുഖം

"കരിമീൻ" എന്ന പേര് കേൾക്കുമ്പോൾ തന്നെ മലയാളിയുടെ വായിൽ വെള്ളമൂറും എന്നതുറപ്പാണ്. രുചിയും അതോടൊപ്പം ഭംഗിയും ഒത്തിണങ്ങിയതു കൊണ്ടാകാം മൽസ്യവിഭവങ്ങളിൽ കരിമീനിനോട് മലയാളികൾക്കിത്രപ്രിയം. എന്തായാലും കേരള സർക്കാർ കരിമീനിനെ"സംസ്ഥാന മൽസ്യമായി"പ്രഖ്യാപിക്കുകയും 2010-2011 വർഷം കരിമീൻ വർഷമായി ആചരിക്കുകയും ചെയ്തു. കേരളത്തിൽനിന്നും ലഭിക്കുന്ന കരിമീനിന്റെപ്രശസ്തി കടൽ കടന്ന് വിദേശ നാടുകളിൽവരെ എത്തിയിരിക്കുന്നു. കേരളത്തിലേക്ക് വരുന്ന വിദേശ വിനോദസഞ്ചാരികൾക്ക് എരിവ് കുറഞ്ഞ രീതിയിൽ തയ്യാറക്കുന്ന "കരിമീൻ പൊള്ളിച്ചതാണത്രെ" പ്രിയവിഭവം. എന്നാൽ വിരോധാഭാസമെന്ന് പറയട്ടെ മറ്റ് സംസ്ഥാനങ്ങളിൽ കരിമീനിന് ആവശ്യക്കാർ കുറവാണ്. അതുകൊണ്ട്തന്നെ അവിടെ നിന്നും ധാരാളം കരിമീൻ കുറഞ്ഞവിലയിൽ നമ്മുടെ മൽസ്യവിപണിയിൽ എത്താറുണ്ട്. എന്നാൽ രുചികുറവാണെന്നതിനാൽ ഇവ വ്യാജൻമാരായിട്ടാണ് പരക്കെ അറിയപ്പെടുന്നത്.

എട്രോപ്ളസ് സുറേറ്റൻസിസ് എന്ന ശാസ്ത്രീയ നാമത്തിൽ അറിയപ്പെടുന്ന ഈ കായൽ മൽസ്യം ശുദ്ധജലാശയങ്ങളിലും വളർത്താവുന്നതാണ്. അൽപ്പം ശ്രദ്ധിച്ചാൽ കുളങ്ങൾ, പാറമടകൾ തുടങ്ങി തീരപ്രദേശത്തുള്ള ചെമ്മീൻ കെട്ടുകൾ മറ്റ് ജലസ്രോതസ്സുകൾ എന്നിവയിൽ വ്യാപകമായി കൃഷി ചെയ്യാവുന്ന മൽസ്യമാണ് കരിമീൻ.

പൂർണ്ണ വളർച്ചയെത്തിയ കരിമീൻ 750 ഗ്രാം വരെ വരുമെങ്കിലും 150 മുതൽ 250ഗ്രാം വരെ വലുപ്പമുള്ള മൽസ്യങ്ങൾക്കാണ് വിപണിയിൽ കൂടുതൽ ആവശ്യക്കാർ ഉള്ളത്. ഓര് ജലാശയങ്ങളിൽ മറ്റ് നാടൻ മൽസ്യ ഇനങ്ങളായ പൂമീൻ, തിരുത, ചെമ്മീൻ, വരാൽ, കാളാഞ്ചി എന്നിവയ്ക്കൊപ്പമോ, ഒറ്റയായോ കരിമീൻ കൃഷി ചെയ്യാവുന്നതാണ്. കേരളത്തിൽ ചുരുക്കം ചില ചെമ്മീൻകെട്ടുകളിലും മറ്റ് ജലസ്രോതസ്സുകളിലും വ്യാവസായിക അടിസ്ഥാനത്തിൽ കരിമീൻകൃഷിചെയ്ത് വരുന്നുണ്ട്. ഈ രീതിയിൽ കൃഷി ചെയ്യുമ്പോൾ ഒരു ഹെക്ടർ സ്ഥലത്ത് ഏകദേശം 30,000 കുഞ്ഞുങ്ങളെവരെ വളർത്താവുന്നതാണ്. വിപണനത്തിന് പാകമാകുന്ന വലുപ്പം വരുന്നതിന് ഏകദേശം എട്ട് മുതൽ പത്ത് മാസം വരെ സമയം വേണ്ടി വരും.

## കരിമീൻകൃഷിയ്ക്ക് അനുയോജ്യമായ കുളം ഒരുക്കൽ

കരിമീൻ കൃഷി ആരംഭിക്കുന്നതിന്റെ തുടക്കമായി കൃഷിയ്ക്കായി തിരഞ്ഞെടുത്ത കുളങ്ങൾ, തോടുകൾ എന്നിവയിലെ പായലുകളും മറ്റ് ജലസസ്യങ്ങളും ഉപദ്രവകാരികളായ മൽസ്യങ്ങളും മറ്റും പൂർണ്ണമായും മാറ്റി കൃഷിയിടം വൃത്തിയാക്കേണ്ടതാണ്. തുടർന്ന് കുളത്തിലെ പി.എച്ച് മൂല്യത്തിന് ആനുപാതികമായി കുമ്മായം പ്രയോഗിക്കേണ്ടതാണ്. പി.എച്ച് മൂല്യം 7.5ൽ താഴെയുള്ള ജലാശങ്ങളിൽ ഏക്കറിന് 500 കി.ഗ്രാം എന്നതോതിലും, 7.5ൽ അധികം ഉള്ള ജലാശയങ്ങളിൽ 100 കി.ഗ്രാം എന്ന കണക്കിനും ആണ് കുമ്മായം പ്രയോഗിക്കേണ്ടത്. തുടർന്ന് പ്ലവകങ്ങൾ വളരുന്നതിനായി വളപ്രയോഗം നടത്തണം. ഒരു ഏക്കർ ജലാശയത്തിൽ ഒരു ടൺ ചാണകം അല്ലങ്കിൽ 300കിലോ ഗ്രാം കോ

ഴി/താറാവ് കാഷ്ഠം ആണ് ഉപയോഗിക്കേണ്ടത്. ഇങ്ങനെ വളപ്രയോഗം നടത്തുന്നതുവഴി ജലാശയങ്ങളിലുള്ള പ്ലവകങ്ങളുടെ എണ്ണവും വളർച്ചയും അധികമാവുന്നതാണ്. ഇത്തരത്തിലുള്ള സൂക്ഷമപ്ലവകങ്ങളും ജന്തുപ്ലവകങ്ങളും മത്സ്യകുഞ്ഞുങ്ങളുടെ ഇഷ്ടഭക്ഷണ പദാർത്ഥങ്ങളാണ്.

### കരിമീൻകുഞ്ഞുങ്ങളെ നിക്ഷേപിക്കൽ

കുളത്തിൽ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനു മുമ്പ് വൃത്തിയാക്കിയ കുളങ്ങളിൽ ഒരു ആഴ്ച്ച വെള്ളം നിറച്ച് ഇടേണ്ടതാണ്. ഈ കാലയളവിൽ കുളങ്ങളിൽ ആവശ്യത്തിന് പ്ലവകങ്ങളുടെ ഉൽപാദനം നടന്നിരിക്കും. വേണ്ടത്ര ഓക്സിജൻ നിറച്ച പോളിത്തീൻ കവറുകളിൽ വേണം കരിമീൻ കുഞ്ഞുങ്ങളെ ഒരു സ്ഥലത്തു നിന്നും മറ്റ് സ്ഥലങ്ങളിലേക്ക് കൊണ്ടുപോകേണ്ടത്. ഇത്തരത്തിൽ കൊണ്ടുവരുന്ന കുഞ്ഞുങ്ങളെ കൃഷിയിടങ്ങളിലേക്ക് നിക്ഷേപിക്കുന്നതിന് മുമ്പ് കുഞ്ഞുങ്ങൾ അടങ്ങിയ ബാഗുകൾ/കവറുകൾ കുളത്തിലെ വെള്ളത്തിൽ 30 മിനിറ്റ് വരെ വയ്ക്കേണ്ടതാണ്. തുടർന്ന് സാവകാശം കവറുകൾ തുറന്ന് കുറേശ്ശെയായി കുളത്തിലെ ജലം മത്സ്യകുഞ്ഞുങ്ങൾ അടങ്ങിയ പോളിത്തീൻ കവറുകളിലേയ്ക്ക് ഒഴിക്കുക. ഈ പ്രക്രിയ 30 മിനിറ്റ് വരെ തുടർന്നതിനു ശേഷം കുഞ്ഞുങ്ങളെ കുറേശ്ശെയായി കുളങ്ങളിലേക്ക് തുറന്ന്വിടണം.

### തീറ്റയും പരിപാലനവും

മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിച്ചു കഴിഞ്ഞാൽ 12 മണിക്കുറിന് ശേഷം തീറ്റകൊടുത്ത് തുടങ്ങാവുന്നതാണ്. താഴ്ന്ന് പോകുന്ന തീറ്റയാണ് നൽകുന്നതെങ്കിൽ കുളത്തിന് പല ദിശകളിലായി നിശ്ചിത അകലത്തിൽ തീറ്റപാത്രങ്ങൾ സ്ഥാപിച്ച് തീറ്റ ഇതിൽ നൽകേണ്ടതാണ്. തിരി രൂപത്തിലുള്ള ഫാക്ടറി തീറ്റ നൽകാത്തവർ കപ്പലണ്ടിപിണ്ണാക്ക്, തവിട്, എന്നിവ കലർത്തി തീറ്റ തയ്യാറാക്കേണ്ടതാണ്. ഇത്തരത്തിൽ തീറ്റ തയ്യാറാക്കുമ്പോൾ കുറഞ്ഞ അളവിൽ മീൻ പൊടി, ചെമ്മീൻപൊടി, സോയാബീൻ പൊടി, കക്കയിറച്ചി എന്നിവയും ചേർക്കുന്നത് നന്നായിരിക്കും. മത്സ്യത്തിന്റെ ശരീര ഭാരത്തിന്റെ 5 ശതമാനം അളവിൽ ഇതുപോലെ തയ്യാറാക്കിയ തീറ്റ ആദ്യ ദിവസങ്ങളിൽ 3 നേരങ്ങളിലായി തന്നെ നൽകാവുന്നതാണ്. മത്സ്യം വളരുന്നതിനനുസരിച്ച് നൽകുന്ന തീറ്റയുടെ അളവും വർദ്ധിപ്പിക്കേണ്ടതാണ്. ഇത്തരത്തിൽ തയ്യാറാക്കുന്ന തീറ്റയിൽ ആഴ്ചയിൽ ഒരിക്കൽ 1% എന്നതോതിൽ വിറ്റാമിൻ ധാതുലവണ മിശ്രിതം ചേർത്ത് നൽകുന്നത് മത്സ്യങ്ങളുടെ വളർച്ച ത്വരിതപ്പെടുന്നതിനും പ്രതിരോധശക്തി വർദ്ധിപ്പിക്കുന്നതിനും വഴിയൊരുക്കുന്നതായിരിക്കും.

### കരിമീൻ കുഞ്ഞുങ്ങളുടെ ലഭ്യത

കായലുകളിലും നിന്നും മറ്റ് ജലാശയങ്ങളിൽ നിന്നും പ്രകൃത്യാ ലഭിക്കുന്ന കരിമീൻ കുഞ്ഞുങ്ങളെ വളർത്തി വിൽക്കുന്ന രീതിയാണ് പ്രധാനമായും നിലവിലുള്ളത്. മത്സ്യകേരളം പദ്ധതിയുടെ ഭാഗമായി സംസ്ഥാന ഫിഷറീസ് വകുപ്പും അനുബന്ധ സ്ഥാപനങ്ങളും കരിമീൻ വിത്ത് ഉത്പാദനത്തിന് പ്രത്യേകം പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ഞാറയ്ക്കൽ പ്രവർത്തിച്ചു വരുന്ന എറണാകുളം കൃഷിവിജ്ഞാന കേന്ദ്രത്തിൽ ശാസ്ത്രീയ കരിമീൻ കൃഷിയിൽ പരിശീലനക്ലാസ്സുകൾ നടത്തിവരുന്നുണ്ട്.

### മത്സ്യകൃഷിയിലെ ജലഗുണനിലാവരം ഉറപ്പുവരുത്തലും രോഗബാധ പ്രതിരോധവും

ജലത്തിൻെറ ഗുണനിലവാരം നിലനിർത്തുന്നതിനും മേൽ നടപടികൾ സ്വീകരിക്കുന്നതിനും ശാസ്ത്രീയമായ അറിവുകൾ അത്യന്താപേക്ഷിതമാണ്.

### കുളങ്ങളുടെ നിർമ്മാണം

ചതുരാകൃതിയിലും, ദീർഘ ചതുരാകൃതിയിലും ഉള്ള കുളങ്ങൾ നിർമ്മിക്കുന്നതാണ് കൂടുതൽ ഉത്തമം, എന്നാൽ സ്ഥലത്തിൻെറ ലഭ്യത, നീളം, വീതി മററ് ഘടകങ്ങൾക്ക് അനുസൃതമായി കുളങ്ങളുടെ വലിപ്പവും ആകൃതിയും മാററാവുന്നതാണ്. അനുയോജ്യമായ ഒരു കുളത്തിന് 300

ചതുരശ്ര മീററർ വരെയെങ്കിലും വലിപ്പം ഉണ്ടാകുന്നതാണ് ഉചിതം. കൂടാതെ ഒന്നിലധികം ചെറിയ കുളങ്ങളിൽ കൃഷി ചെയ്യുമ്പോൾ വിളവെടുപ്പ് സമയബന്ധിതമായും അനായാസേനയും നടത്താവുന്നതാണ്. ഉചിതമായ ഒരു കുളത്തിന് ഏററവും കുറഞ്ഞത് 1.5 മീറററും കൂടിയത് 2.5 മീററരെങ്കിലും ആഴം ആണ് ഉണ്ടായിരിക്കേണ്ടത്. വെള്ളം വിളവെടുപ്പ് സമയത്ത് പൂർണ്ണമായും വററിക്കാൻ ഉതകുന്ന രീതിയിൽ വേണം കുളങ്ങൾ നിർമ്മിക്കേണ്ടത്.

### കുളങ്ങളെ ധാതുസമ്പുഷ്ടമാക്കുന്നതിനുള്ള വളപ്രയോഗം

മത്സ്യങ്ങൾക്ക് ആവശ്യമായ ഭക്ഷണ പദാർത്ഥങ്ങളുടെ അളവ് വർദ്ധിപ്പിക്കുകയും ജലത്തിന്റെ ഗുണനിലവാരം ഉയർത്തുകയും ചെയ്യുക എന്നതാണ് വളപ്രയോഗത്തിന്റെ പ്രാഥമിക ഉദ്ദേശലക്ഷ്യം. കുളത്തിലുള്ള സസ്യ പ്ലവകങ്ങൾ ആണ് പ്രകാശസംശ്ലേഷണത്തിലൂടെ ജലത്തിലുള്ള അജൈവ പദാർത്ഥങ്ങളെ മത്സ്യങ്ങളുടെ വളർച്ചയ്ക്കും പ്രജനനത്തിനും ഉതകുന്ന ജൈവധാതുലവണങ്ങളാക്കി മാററുന്നത്. സമയബന്ധിതമായ വളപ്രയോഗത്തിലൂടെയാണ് സസ്യപ്ലവകങ്ങൾക്ക് പ്രകാശ സംശ്ലേഷണത്തിനാവശ്യമായ ധാതു ലവണങ്ങൾ ലഭ്യമാകുന്നത്. സസ്യപ്ലവകങ്ങളുടെ തോത് ജലാശയത്തിൽ വർദ്ധിപ്പിക്കുന്നതോടൊപ്പം ജന്തു പ്ലവകങ്ങളുടെ വളർച്ചയും വർദ്ധിക്കുന്നതാണ് ഈ സസ്യപ്ലവകങ്ങളും, ജന്തുപ്ലവകങ്ങളും മത്സ്യകുഞ്ഞുങ്ങളുടെ വളർച്ചയ്ക്ക് അത്യാവശ്യമായ തീറ്റയാണ്.

കുളത്തിൽ ജലം നിറയ്ക്കുന്നതിനുമുൻപ് അടിത്തട്ടിൽ ആണ് വളപ്രയോഗം നടത്തേണ്ടത്. ജൈവവളം (ചാണകം) 10 മുതൽ 15 ടൺ വരെയാണ് ഒരു ഹെക്ടർ വിസ്താരത്തിലുള്ള കുളത്തിൽ ഒരു വർഷം പ്രയോഗിക്കേണ്ടത്.

### കുമ്മായ പ്രയോഗം

മത്സ്യകൃഷി നടത്തുന്ന കുളങ്ങളിൽ ഉചിതമായ രീതിയിൽ കുമ്മായ ചേർക്കുന്നതിലൂടെ വിവിധ ഗുണകരമായ ഫലങ്ങൾ ഉണ്ടാകുന്നു. ചുണ്ണാമ്പ് ജലത്തിലെ പി.എച്ച് മൂല്യത്തിന്റെ തോത് സാധാരണ അവസ്ഥയിലേക്ക് (7.5 മുതൽ 8.5 വരെ) കൊണ്ടുവരികയും, സസ്യപ്ലവകങ്ങൾക്ക് പ്രകാശ സംശ്ലേഷണത്തിന് ഏററവും അത്യന്താപേക്ഷിതമായ ഫോസ്ഫറസിന്റെ ലഭ്യത ഉയർത്തുകയും ചെയ്യുന്നതാണ്. കൂടാതെ സസ്യപ്ലവകങ്ങൾക്ക് അത്യാവശ്യമായ കാർബൺഡൈ ഓക്സൈഡിന്റെ (CO2) ലഭ്യത വർദ്ധിപ്പിക്കുകയും ചെയ്യുന്നതാണ്.

### ചുണ്ണാമ്പ് കുളത്തിൽ പ്രയോഗിക്കുന്നതിന്റെ അളവ്

കടുത്ത ആസിഡ് ഗുണം
(പി.എച്ച് 6.5ൽ താഴെ) : 2000 kg/ha.

സാധാരണ ആസിഡ് ഗുണം
(പി.എച്ച് 6.5 മുതൽ 7.5) : 500 kg/ha.

കുറവ് ക്ഷാരഗുണം
(പി.എച്ച് 7.5 മുതൽ 8) : 200 kg/ha.

കുടത്ത ക്ഷാരഗുണം
(പി.എച്ച് 8ന് മുകളിൽ) : ചുണ്ണാമ്പ് വേണ്ടതില്ല

### ജലത്തിന്റെ ഗുണനിലവാരം :

ജലത്തിൻ ഗുണനിലവാരം പ്രധാനമായും ആശ്രയിച്ചിരിക്കുന്നത് ജലത്തിന്റെ താപനിലയേയും, ജലത്തിൽ ലയിച്ചിരിക്കുന്ന ഓക്സിജന്റെ തോതിനെയും ആണ്. ജലാശയത്തിലെ സസ്യപ്ലവകങ്ങൾ സൂര്യപ്രകാശത്തിന്റെ സാന്നിദ്ധ്യത്തിൽ പ്രകാശസംശ്ലേഷണം നടത്തുന്നതു വഴിയാണ് മത്സ്യങ്ങൾക്ക് ആവശ്യമായ ഓക്സിജൻ ലഭിക്കുന്നത്.

കാലാവസ്ഥാ വ്യതിയാനങ്ങൾ ജലത്തിലെ ഓക്സിജന്റെ അളവിനെ കാര്യമായി സ്വാധീനം ചെയ്യും. കൂടാതെ ജലത്തിലെ ഓക്സിജന്റെ അളവ് താപനിലയുമായി നേരിട്ടും ബന്ധപ്പെട്ടിരിക്കുന്നതാണ്. താപനില കൂടിയ ജലത്തിൽ താപനില കുറഞ്ഞ ജലാശയത്തിനേക്കാൾ കുറവ് ഓക്സിജൻ മാത്രമേ അലിഞ്ഞു ചേരാൻ കഴിയുള്ളൂ. എന്നാൽ, ചൂടുള്ള കാലാവസ്ഥയിൽ കഴിയുന്ന മത്സ്യങ്ങൾക്ക് ശരീരത്തിലെ ആന്തരിക അവയവങ്ങളുടെയും മററ് ശരീര പ്രവർത്ത

നങ്ങളും ത്വരിതഗതിയിൽ നടക്കുന്നതിനാൽ കൂടുതൽ ഓക്സിജൻ അത്യാവശ്യമാണ്. ചൂടുള്ള കാലാവസ്ഥയിൽ ജീവിക്കുന്ന മത്സ്യങ്ങൾക്ക് താരതമ്യേന 27 മുതൽ 30 ഡിഗ്രി സെൽഷ്യസ് വരെയുള്ള താപനിലയാണ് ഉത്തമം.

കാററ് അന്തരീക്ഷത്തിലെ ഓക്സിജനെ ജലത്തിൽ ലയിപ്പിക്കുന്നതിന് കൂടുതൽ സഹായകരമാകുന്നതു കൊണ്ട് കാററുള്ള കാലാവസ്ഥയിൽ സ്വാഭാവികമായും ജലത്തിൽ ലയിച്ചിരിക്കുന്ന ഓക്സിജന്റെ അളവ് കൂടുതലായിരിക്കും.

സെക്ചി ഡിസ്ക്

ഫാ. പിയാട്രോ ഏൻജലോ സെക്ചി എന്ന് പേരുള്ള ഒരു ആസ്ട്രോ ഫിസിസിസ്റ്റ് ആണ് സെക്ചി ഡിസ്ക് എന്ന ഉപകരണത്തിന്റെ ഉപജ്ഞാതാവ്. ജലത്തിലെ സസ്യപ്ലവകങ്ങളുടെ തോത് അറിയുന്നതിനാണ് സെക്ചി ഡിസ്ക് സാധാരണയായി ഉപയോഗിക്കുന്നത്.




20 സെ.മീ. വ്യാസമുള്ള മെററൽ/മരപലക ഉപയോഗിച്ചാണ് സെക്ചി ഡിസ്ക് ഉണ്ടാക്കുന്നത്. 20 സെ.മീ.വ്യാസമുള്ള വൃത്താകൃതിയിലുള്ള മെററൽ/പലകയെ നാല് തുല്യ ഭാഗങ്ങളാക്കി തിരിച്ച് വെള്ളയും കറുപ്പും കലർന്ന നിറങ്ങൾ കൊടുക്കണം. ജലത്തിലേക്ക് ഈ ഉപകരണം താഴ്ത്തി വെള്ളയും കറുപ്പും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയാൻ സാധിക്കാൻ കഴിയാത്ത വരെയുള്ള ദൂരം അളന്നാണ് സെക്ചി ഡിസ്കിന്റെ റീഡിങ്ങ് എടുക്കുന്നത്. ജലത്തിലേക്ക് താഴ്ത്തുന്നതിനു വേണ്ടി ഈ ഉപകരണത്തിന്റെ മധ്യഭാഗത്ത് കയറോ ദൃഢമുള്ള കമ്പിയോ കെട്ടി ഉറപ്പിക്കേണ്ടതാണ്. സെക്ചി ഡിസ്ക് റീഡിങ്ങ് ഉപയോഗിച്ച് ജലത്തിലെ കലകൾ/സസ്യപ്ലവകങ്ങളുടെ തോത് കണ്ടുപിടിക്കാവുന്നതാണ്. സെക്ചി ഡിസ്ക് റീഡിങ്ങ് സംഖ്യ ജലത്തിലെ സസ്യപ്ലവകങ്ങളുടെ തോതിന് വിപരീതാനുപാതത്തിലായിരിക്കും. സെക്ചി ഡിസ്ക് മൂല്യം കുറയുന്നത് ജലത്തിലെ കൂടിയ സസ്യപ്ലവകങ്ങളുടെ തോതിനെയും കുറഞ്ഞ സെക്ചി ഡിസ്ക് മൂല്യം ജലത്തിലെ കുറഞ്ഞ സസ്യപ്ലവകങ്ങളുടെ തോതിനെയും ആണ് സൂചിപ്പിക്കുന്നത്.

സെക്ചി ഡിസ്ക് മൂല്യം :-

സെക്ചി ഡിസ്കിന്റെ മൂല്യം 40 സെൻറീമീററിൽ കുറവായാൽ:

ആവശ്യത്തിലധികം സസ്യപ്ലവകങ്ങൾ കാണപ്പെടുന്നു. രാത്രി സമയത്ത് ഓക്സിജന്റെ ലഭ്യത കുറയാൻ ഇടയുണ്ട്. അതിനായാൽ കുളത്തിലെ ജലം കുറെശ്ശെയായി മാററി പുതിയ ജലം നിറക്കേണ്ടതാണ്.

**40 മുതൽ 60 സെൻറീമീററർ വരെ ആയാൽ:** അനുയോജ്യമായ സസ്യപ്ലവകങ്ങളുടെ അളവിനെ സൂചിപ്പിക്കുന്നു.

**60 സെൻറീമീററിനേക്കാൾ അധികം ആയാൽ:** ജലത്തിൽ വേണ്ടത്ര സസ്യപ്ലവകങ്ങളുടെ അഭാവമാണ് സൂചിപ്പിക്കുന്നത്. വളപ്രയോഗം വഴിയോ അല്ലെങ്കിൽ മററ് മുൻകരുതലുകൾ എടുത്തോ സസ്യപ്ലവകങ്ങളുടെ തോത് കൂട്ടുക.

താപനില

ജലത്തിന്റെ താപനില തെർമോമീററർ ഉപയോഗിച്ച് അളക്കാവുന്നതാണ്. ജലത്തിന്റെ താപനില മത്സ്യങ്ങളുടെ വളർച്ചയെ വളരെയധികം സ്വാധീനിക്കും. തിലാപ്പിയ, കാർപ്പ് എന്നീ ഇനങ്ങളിൽപെട്ട ശുദ്ധജലമത്സ്യങ്ങൾക്ക് അനുയോജ്യമായ താപനില 28°C ആണ് എന്നാൽ ഇവ 22 മുതൽ 32°C വരെയുള്ള താപനിലയിലും വളരുവാൻ സാധിക്കുന്നവയാണ്. കൂരി വിഭാഗത്തിൽ പെട്ട മത്സ്യങ്ങൾ, താപനില കൂടിയ കാലാവസ്ഥയിലും (32°C) വളരുന്നതിനായി കണ്ടുവരുന്നുണ്ട്.

**മത്സ്യങ്ങളിലെ രോഗങ്ങൾ**

➢ അമിതമായ മത്സ്യരോഗബാധ അപൂർവ്വമായി മത്സ്യകൃഷിയെ വളരെയധികം പ്രതികൂലമായി ബാധിക്കാറുണ്ട്.

**ലക്ഷണങ്ങൾ**

➢ മത്സ്യങ്ങളുടെ വളർച്ച കുറയുക.

➢ മത്സ്യങ്ങൾ തീറ്റയെടുക്കാൻ വരാതിരിക്കുക.

➢ മററ് മത്സ്യങ്ങളിൽ നിന്നോ/ജീവികളിൽ നിന്നുമുള്ള ആക്രമണങ്ങളെ പ്രതിരോധിക്കാതിരിക്കുക.

➢ ജലത്തിന് മുകളിലൂടെ നീന്തികൊണ്ടിരിക്കുക.

മത്സ്യരോഗങ്ങൾ പൂർണ്ണമായും തടയുന്നത് പ്രായോഗികമല്ല. എന്നാൽ മത്സ്യരോഗങ്ങൾ വരാതിരിക്കുന്നതിനുള്ള മുൻകരുതലുകൾ എടുക്കുന്നതാണ് നല്ലത്.

**മത്സ്യരോഗങ്ങൾ വരുന്നതിനുള്ള പ്രധാന കാരണങ്ങൾ**

1. അശാസ്ത്രീയമായ രീതിയിൽ തീററ നൽകുക :

   ➢ മത്സ്യങ്ങൾക്ക് ആവശ്യമായ പോഷകങ്ങൾ അടങ്ങിയ ഭക്ഷണം നൽകാതിരിക്കുക. ആവശ്യത്തിനുള്ള അളവിൽ തീററ നൽകാതിരിക്കുക, ആവശ്യത്തിലധികം തീററ നൽകുക.

2. ത്വരിതഗതിയിലുള്ള കാലാവസ്ഥാ വ്യതിയാനങ്ങളും, വിഷാംശമുള്ള പദാർത്ഥങ്ങളുടെ സാമീപ്യവും.

3. മത്സ്യങ്ങളെ സൂക്ഷമതയില്ലാത്ത രീതിയിൽ കൈകാര്യം ചെയ്യുക.

4. അനിവാര്യമായ മുൻകരുതലുകൾ ഇല്ലാതെ കൂടുതൽ മത്സ്യങ്ങളെ കുറച്ച് സ്ഥലത്ത് വളർത്തുന്നത്.

5. താപനില ക്രമാതീതമായി വർദ്ധിക്കുക.

6. ജലത്തിലെ ലയിച്ചിരിക്കുന്ന ഓക്സിജൻെറ അളവ് കുറയുക.

7. മത്സ്യരോഗവാഹികളുടെ പ്രവേശനം/രോഗാണുക്കളുടെ അമിതമായ പെരുകൽ.

**പ്രതിരോധമാർഗ്ഗങ്ങൾ**

➢ ഗുണനിലവാരമുള്ള ജലം മാത്രം കൃഷിയിടത്തിലേക്ക് കയററുക, മലിനജലം/വസ്തുക്കൾ എന്നിവ പ്രവേശിക്കുന്നത് തടയുക.

➢ മണൽ, മണ്ണ്, എക്കൽ തുടങ്ങിയവ വന്ന് അടിഞ്ഞ് കൂടുന്നത് ഒഴിവാക്കുക.

➢ കൃഷിയിടത്തിൻെറ ഗുണനിലവാരത്തിന് ആനുപാതികമായി മാത്രം മത്സ്യങ്ങളെ വളർത്തുക.

➢ പുറത്ത് നിന്നുള്ള രോഗവാഹികളായ പാഴ്മത്സ്യങ്ങൾ/ജീവികൾ എന്നിവയുടെ പ്രവേശനം തടയുക.

➢ കൃത്യമായ അളവിൽ മാത്രം തീറ്റ നൽകുക

➢ ടാങ്കുകളിൽ വളർത്തുമ്പോൾ വെള്ളം സമയാസമയം മാറ്റുക. മത്സ്യവിസർജ്യം തീറ്റയുടെ അവശിഷ്ടം എന്നിവ മുഴുവൻ മാറ്റി കളയുക.

# കുളങ്ങളിലും കരിമീൻ വിത്തുൽപാദനം നടത്താം

ഡോ. പി.എ. വികാസ് & ഡോ. ഷിനോജ് സുബ്രഹ്മണ്യൻ
കൃഷി വിജ്ഞാനകേന്ദ്രം (എറണാകുളം),
ഞാറയ്ക്കൽ പി. ഒ, കൊച്ചി - 682505

**കരിമീൻ**: കണ്ണിന് കൗതുകവും നാവിന് രുചിയും നൽകുന്നതിനാലാകാം കരിമീൻ മത്സ്യവിഭവങ്ങൾ കേരളീയർക്കിത്ര പ്രിയം. ശുദ്ധ ജലാശയങ്ങളിലും ഓര് ജലാശയങ്ങളിലും ഒരുമിച്ച് വളരാനുള്ള കഴിവുള്ളതിനാൽ കർഷകർക്കും ഇവ പ്രിയപ്പെട്ടവ തന്നെയാണ്. എട്രോപ്ലസ് സുറേറ്റൻസിസ് എന്ന ശാസ്ത്രീയ നാമത്തിൽ അറിയപ്പെടുന്ന ഈ മത്സ്യങ്ങൾ സംസ്ഥാനത്ത് വിവിധ ജലസ്രോതസ്സുകളിൽ ഇന്ന് ചെറിയതും വലിയതുമായ തോതിൽ കൃഷി ചെയ്തു വരുന്നുണ്ട്. പരിപൂർണ്ണ വളർച്ച എത്തുന്നവ ഏകദേശം 750 ഗ്രാം വരുമെങ്കിലും 150 മുതൽ 250 ഗ്രാം വരെ വലുപ്പമുള്ളവയ്ക്കാണ് വിപണിയിൽ ആവശ്യക്കാർ ഏറെയുള്ളത്.

കൂടുതൽ കർഷകർ ഈ രംഗത്തേയ്ക്ക് വന്നതു മുതൽ കുഞ്ഞുങ്ങളെ ലഭിക്കുന്നതിനുള്ള സാധ്യത കുറഞ്ഞു തുടങ്ങി. കരിമീൻ മത്സ്യക്കുഞ്ഞുങ്ങളെ കൂടുതലായും പുഴകളിൽ നിന്നോ തോടുകളിൽ നിന്നോ പിടിച്ചെടുത്താണ് വിപണനം ചെയ്തു കൊണ്ടിരിക്കുന്നത്. ആവശ്യക്കാർ ഏറിയതോടെ ഗുണമേന്മയുള്ള കരിമീൻ കുഞ്ഞുങ്ങളെ ആവശ്യത്തിന് കിട്ടാതായിരിക്കുകയാണ്.

### കരിമീൻ വിത്തുൽപ്പാദനം:

കരിമീൻ വർഷത്തിൽ എല്ലാ സമയങ്ങളിലും മുട്ടയിട്ട് കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുമെങ്കിലും ഫെബ്രുവരി മുതൽ മെയ് വരെയും ഒക്ടോബർ മുതൽ ഡിസംബർ വരെയുള്ള കാലയളവുകളിൽ ആണ് ഇവ കൂടുതലായും കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുന്നത്. വളർച്ചയെത്തി പ്രജനനത്തിന് തയ്യാറാകുന്ന മത്സ്യങ്ങളിൽ മാത്രമാണ് ആൺ-പെൺ വ്യത്യാസം ബാഹ്യമായി പ്രകടമാകുന്നത്. വളർന്ന് വരുമ്പോൾ കൂട്ടമായി നടക്കുന്ന കരിമീനുകൾ പ്രജനന കാലം സമീപിക്കുമ്പോൾ ഇണ തിരിഞ്ഞ് നടക്കുന്നതായി കാണാം. ഇത്തരത്തിലുള്ള ഇണകൾ ആണ് പിന്നീട് മുട്ടയിടുന്നത്.

കരിമീൻ വിത്തുൽപ്പാദനം നടത്തുന്നതിന് ഏറ്റവും അനുയോജ്യം ഓരു ജലാശയങ്ങളോട് അനുബന്ധിച്ച് കിടക്കുന്ന കുളങ്ങൾ ആണ്.

### കുളങ്ങൾ ഒരുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ചെറിയതോ, വലിയതോ ആയ കുളങ്ങൾ വിത്തുൽപ്പാദനത്തിനായി ഉപയോഗിക്കാം എങ്കിലും 30 സെന്റ് മുതൽ 1 ഏക്കർ വരെ വലുപ്പമുള്ള കുളങ്ങൾ ആണ് അഭികാമ്യം. ആഴം 3 മുതൽ 5 അടി വരെ ആകുന്നതാണ് ഉചിതം. കുളങ്ങൾ വിത്തുൽപ്പാദനം നടത്തുന്നതിന് മുൻപ് ശരിയായ രീതിയിൽ ഒരുക്കണം. ആദ്യമായി കുളങ്ങളിലെ കള മത്സ്യങ്ങളെയും കള സസ്യങ്ങളെയും പരിപൂർണ്ണമായി മാറ്റണം. കളമത്സ്യങ്ങൾ കരിമീനുകൾ ഇടുന്ന മുട്ടകളും വിരിഞ്ഞു വരുന്ന കുഞ്ഞുങ്ങളേയും ആക്രമിച്ച് ഭക്ഷണമാക്കുന്നതിനാൽ ഇണമത്സ്യങ്ങൾക്ക് കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നതിന് കൂടുതൽ കരുതലുകൾ നടത്തേണ്ടതായി വരും. ഇത് കുഞ്ഞുങ്ങളുടെ അതിജീവ തോത് ഗണ്യമായി കുറക്കുകയും ചെയ്യും.

കളസസ്യ/മത്സ്യങ്ങളുടെ നിർമ്മാർജ്ജനത്തിന് ഏറ്റവും അനുയോജ്യമായ മാർഗ്ഗം കുളങ്ങൾ പരിപൂർണ്ണമായും വറ്റിച്ച് ഉണക്കുക എന്നതാണ്. ഇതുവഴി കുളത്തിലെ എല്ലാ കളമത്സ്യങ്ങളും,

ഇവയുടെ മുട്ടകളും, കുഞ്ഞുങ്ങളും പൂർണ്ണമായും നശിച്ച് പോകുന്നതാണ്. എന്നാൽ എല്ലാ കുളങ്ങളും ഇത്തരത്തിൽ ഉണക്കി കളമത്സ്യങ്ങളെ നശിപ്പിക്കുന്ന രീതി അവലംബിക്കാൻ സാധിക്കുന്നതല്ല. ഇത്തരം സാഹചര്യങ്ങളിൽ ജൈവ/രാസ സംയുക്തങ്ങൾ ഉപയോഗപ്പെടുത്തി ഇവയെ നശിപ്പിക്കേണ്ടതായും വരും.

ജൈവ കളമത്സ്യ നിർമ്മാർജ്ജനത്തിനായി നീർവളക്കുരു, മഹുവ പിണ്ണാക്ക്, ടീ സീഡ കേക്ക് എന്നിവയാണ് സാധാരണയായി ഉപയോഗിച്ചു വരുന്നത്. വിപണിയിൽ 20 Kg. ചാക്കിൽ ലഭിക്കുന്ന ടിസീഡ് കേക്ക് മിശ്രിതത്തിന് 2600/- രൂപയാണ് വില വരുന്നത്. ഒരു സെന്റ് കുളത്തിൽ 200 ഗ്രാം വരത്തക്ക രീതിയിൽ ആണ് ഉപയോഗിക്കേണ്ടത്. കുളത്തിലെ വെള്ളത്തിലെ അളവ് പരമാവധി കുറച്ച് 10 സെന്റ് മീറ്റർ താഴെ കൊണ്ടു വന്നതിനുശേഷം വേണം ഇത് ഉപയോഗിക്കുവാൻ. ഉപയോഗിക്കുന്നതിന് ഉദ്ദേശിക്കുന്നതിന് 12 മണിക്കൂർ മുമ്പ് 1:10 അളവിൽ വെള്ളത്തിൽ കുതിർത്ത് വയ്ക്കണം. ഇതിൽ 100ഗ്രാം കല്ലുപ്പും ഇടണം കുളത്തിൽ രാവിലെ 11.00 മണിയോടടുപ്പിച്ച് (വെയിലുള്ള ദിവസത്തിൽ) ഈ മിശ്രിതം തുണിയിൽ പിഴിഞ്ഞെടുത്ത് കുളത്തിന്റെ എല്ലാ വശങ്ങളിലും എത്തിചേരത്തക്ക രീതിയിൽ ഒഴിക്കണം. ഇത്തരത്തിൽ ഒഴിച്ച് കഴിഞ്ഞാൽ 10 മുതൽ 30 മിനിറ്റുകൾക്കുള്ളിൽ തന്നെ എല്ലാ കളമത്സ്യങ്ങളും ചത്ത് പൊന്തി വരുന്നത് കാണാം. ചത്ത് വരുന്നതിനനുസരിച്ച് കോരി വല ഉപയോഗിച്ച് ഇവയെ കോരിയെടുത്ത് കളയണം. കളമത്സ്യങ്ങളെ നിർമ്മാർജ്ജനം ചെയ്ത് 24 മണിക്കൂർ കഴിഞ്ഞ് കുളത്തിൽ 1 സെന്റ് സ്ഥലത്ത് 4 Kg, എന്ന തോതിൽ കുമ്മായമുപയോഗിക്കണം. ഇതിനുശേഷം 2 മുതൽ 3 ദിവസം കൊണ്ട് വെള്ളം കയറ്റി കുളം നിറയ്ക്കാവുന്നതാണ്. തുടർന്ന് ഉണങ്ങിയ ചാണകം 1 സെന്റ് സ്ഥലത്ത് 10 Kg. എന്ന ക്രമത്തിൽ ചെറിയ പ്ലാസ്റ്റിക് ചാക്കിൽ നിറച്ച് നിറയെ ചെറിയ ദ്വാരങ്ങൾ ഉണ്ടാക്കി വെള്ളത്തിൽ കെട്ടി താഴ്ത്തി ഇടേണ്ടതാണ്. ഇത് കുളത്തിൽ പ്ലവകങ്ങളുടെ അളവ് വർദ്ധിച്ച് വരുന്നതിന് സഹായിക്കുന്നതാണ്. ഇത്തരത്തിൽ തയ്യാറാക്കിയ കുളങ്ങളിൽ വേണം തള്ള മത്സ്യങ്ങളെ ഇറക്കി വിടേണ്ടത്.

ആൺ-പെൺ മത്സ്യങ്ങളെ തരംതിരിച്ച് മനസ്സിലാക്കുന്നത് എളുപ്പമല്ലാത്തതിനാൽ കൂട്ടമായി നടക്കുന്ന മത്സ്യങ്ങളെ തിരിയാതെ പിടിച്ചെടുത്താണ് കുളങ്ങളിൽ ഇറക്കുന്നത്. 12 മുതൽ 14 സെ.മീ. നീളവും 80 മുതൽ 160 ഗ്രാം വരെ വലുപ്പമുള്ള മത്സ്യങ്ങളെ വേണം തള്ളമത്സ്യമായി ഉപയോഗിക്കുവാൻ. പ്രജനന സമയമാണെങ്കിൽ ആൺ മത്സ്യങ്ങളുടെ ശരീരത്തിൽ കാണുന്ന വരകളും, വെള്ള പൊട്ടുകളും കൂടുതൽ തിളങ്ങുന്ന രീതിയിൽ ഉള്ളതായി കാണാം. ആരോഗ്യവും വേണ്ടത്ര വലുപ്പവുമുള്ള പൊരുന്ന് മത്സ്യങ്ങളെ 5 മുതൽ 10 എണ്ണം ഒരു സെന്റ് സ്ഥലത്ത് എന്ന ക്രമത്തിൽ ഇറക്കി വിടണം.

കരിമീനുകൾ മുട്ടയിട്ട് പ്രത്യുല്പാദനം നടത്തുന്നതിനാൽ കുളങ്ങളിൽ മുട്ട ഒട്ടിച്ചു വയ്ക്കുന്നതിനുള്ള സൗകര്യം ഒരുക്കേണ്ടത് അത്യാവശ്യമാണ്. ഇതിനായി മുള, മരക്കുറ്റികൾ, ഓട്, മണ്ണിന്റെ ചട്ടികൾ എന്നിവ ഉപയോഗിക്കാവുന്നതാണ്. ഇവ കുളത്തിന്റെ അരിക് വശങ്ങളിലായി ഒന്നര മീറ്റർ അകലം വരത്തക്ക രീതിയിൽ കരയിൽ നിന്നും ഒരു മീറ്റർ അകലത്തിനുള്ളിൽ ചുറ്റും വയ്ക്കണം.

തള്ളമത്സ്യങ്ങളെ കുളങ്ങളിൽ ഇറക്കി വിട്ടു കഴിഞ്ഞ് 12 മണിക്കൂറിന് ശേഷം കൈതീറ്റയോ തിരിതീറ്റയോ നൽകണം. കപ്പലണ്ടി പിണ്ണാക്ക്, തവിട്, മീൻപൊടി എന്നിവ 3:6:1 എന്ന അളവിൽ കലർത്തി തിളച്ച വെള്ളത്തിൽ കുഴച്ച് ഉരുളകളാക്കി കുളത്തിന്റെ വിവിധ വശങ്ങളിൽ പാത്രങ്ങളിൽ വെച്ച് കൊടുക്കുന്നത് ഉത്തമമായിരിക്കും. ദിവസത്തിൽ 2 നേരമാണ് തീറ്റ നൽകേണ്ടത്.

ഇത്തരത്തിൽ ഒരു മാസത്തെ പരിപാലനത്തിനുള്ളിൽ തന്നെ ഇവ മുട്ടയിടുന്നത് ആരംഭിക്കും. മഞ്ഞ നിറത്തിലുള്ള മുട്ടകൾ മൂന്ന് മുതൽ നാല് ദിവസത്തിനുള്ളിൽ കറുത്ത നിറത്തിലേക്ക് മാറുകയും തുടർന്ന് വിരിയുവാൻ തുടങ്ങുന്നതായി കാണാം. വിരിഞ്ഞു വരുന്ന കുഞ്ഞുങ്ങളെ തള്ള കരിമീനുകൾ ചെളിയിൽ ഉണ്ടാക്കിയ ചെറിയ കുഴികളിൽ പരിപാലനത്തി

നായി എത്തിക്കും. മൂന്ന് മുതൽ നാല് ദിവസങ്ങൾക്ക് ശേഷം മാത്രമാണ് ഇവ സ്വന്തമായി തീറ്റയെടുത്ത് തുടങ്ങുന്നത്. ഈ സമയത്ത് ഇവ ജന്തുപ്ലവകളെയാണ് തീറ്റയായി കഴിക്കുന്നത്.

ഒരു തള്ള കരിമീൻ ഒരു തവണ 900 മുതൽ 1500 വരെ മുട്ടയിടും എന്നതാണ് കണക്കെങ്കിലും, കുളത്തിൽ ഒരു തള്ള കരിമീനിൽ നിന്ന് 300 മുതൽ 400 കുഞ്ഞുങ്ങളെയാണ് ലഭിക്കുന്നത്. മൂന്നു മാസത്തെ പരിപാലനം കൊണ്ട് ഈ മത്സ്യങ്ങൾ വിരൽ വലുപ്പം പാകമാകുന്നതാണ്.

വിരൽ വലുപ്പമെത്തിയ കുഞ്ഞുങ്ങളെ വീശ് വല ഉപയോഗിച്ചോ, ചെറിയ കൂട് വലകൾ ഉപയോഗിച്ചോ ആവശ്യത്തിന് പിടിച്ചെടുക്കണം. ഇത്തരത്തിൽ പിടിച്ചെടുക്കുന്നവയെ വിപണനം നടത്തുന്നത് വരെ ഹാപ്പനെറ്റുകളിൽ ഇട്ടു വയ്ക്കുന്നതാണ് ഉചിതം. ദൂരസ്ഥലങ്ങളിലേക്ക് കൊണ്ടു പോകുന്ന സാഹചര്യങ്ങളിൽ ഓക്സിജൻ നിറച്ച പോളിത്തീൻ കവറുകളിൽ പാക്ക് ചെയ്ത് വേണം കൊണ്ടു പോകാൻ.



Pearl Spot Brood Stock Develpment Ponds



Breeding Ponds With Wooden Catwalk



Pearl Spot Brood Fish



Pearl Spot Seeds Packed for Transportation




Farmer at Seed Production Pond




First Sale From The Satellite Seed Production Centres of KVK



Pearl Spot Egg Mass



Pearl Spot Catching Gear



First Sale From The Satellite Seed Production Centres of KVK

# Accelerated Seed production of Pearl spot using modified hatchery method

Vikas P A & Shinoj Subramannian
Krishi Vigyan Kendra (Ernakulam) of
ICAR-Central Marine Fisheries Research Institute,
(Indian Council of Agricultural Research)
Narakkal, Kochi, Kerala - 682 505.
www.kvkernakulam.org.in

## Introduction

Pearl spot (*Etroplus suratensis*), popularly known in Malayalam as Karimeen is an indigenous fish extensively found along the east and south-west coasts of Peninsular India (Jhingran and Natarajan, 1969,1973). Pearl spot is popular in Kerala for its taste and appearance. It is an elegant and exotic dish during the festivals of all occasions in Kerala. It is also inevitable in the non-vegetarian dishes of both foreign and native tourists in the house boats and resorts located along the coastal line of Kerala. Hence Pearl spot is an essential component contributing towards the sustainability of tourism (particularly back water tourism) industry in Kerala. Kerala government declared Pearl spot as "State Fish of Kerala" and celebrated the year 2010-2011 as the "The Year of karimeen" for creating awareness about the need of Pearl spot conservation and its commercial production potential in the State. The annual landings of *E. suratensis* in the riverine zones of the lake, which constitute approximately 50 percent of the lake expanse has been reduced to 200t during 1999-2000 (Padmakumar et al., 2002) as compared to 1252 t reported during 1960s (Samuel, 1969). The consistent demand and price value motivated the farmers to initiate Pearl spot culture using wild caught seeds in different parts of the state. At present, the seeds (fry's/fingerlings) required for culture in backyard ponds, tanks, artisanal cages etc. are collected from the wild. The annual production of 2,000 MT is found to be insufficient to meet the ever increasing demands for "Kerala karimeen" in the country. It is estimated that annual production of 10,000 MT would be required to meet the present requirement. Pearl spot retail sale price ranges from Rs.450-650/- per kilogram in the domestic market.

Natural recruitment of the Pearl spot is adversely affected by the active and passive interventions by the humans in the ecosystem. Active interventions includes reclamation of natural water resources, sand mining, indiscriminate dredging for sub soil lime shell deposits, unscientific fishing practices, pollution, etc., This paved the way for the natural standing stock depletion of Pearl spot and price rise.  In this context farmers initiated high density farming of pearl spots in cage systems and ponds. This has forced the local fisher folks for large scale collection of Pearl spot fry's and fingerlings from its natural breeding grounds to meet the ever increasing demand for its brackish water culture. Over exploitation through collection of indigenous Pearl spot fry's from wild resulted in the depletion of standing stock in recent times. Hence there is enormous potential for the production and supply of the Pearl spot seeds in the country. Institutions having skill and experience in imparting training on Pearl spot production technology are few in number in the State. It is estimated that per year requirement of Pearl spot seeds in Kerala is as high as 40 million, whereas the present availability is only 8 million. In this backdrop, Krishi Vigyan Kendra (Ernakulam) of CMFRI initiated mass

scale Pearl seed production programme through modified hatchery method.

### Pearl spot seed production scenario

Wild caught seeds are the widely marketed in the seed industry than the hatchery produced seeds and used for the culture. Recently efforts for promotion of seed production are getting virtuous momentum in the State. Pearl spot seed production is practiced mainly by two methods viz., traditional farmers practice and modified hatchery method. The major differences between these two methods are as follows.

| Traditional seed production | ⟺ | Modified Hatchery method |
|---|---|---|
| Not required | Scientific knowledge | Required |
| Pond | Infrastructure | Pond and indoor facility |
| Less | Operational Cost | High |
| Not required | Live feed facility | Required |
| Normal | Survival Percentage | High |
| Less | Labour input | High |
| Low | Production | High |
| Difficult | Harvesting | Easy |
| Not required | Feed | Required |

## 2. Seed Production following the modified hatchery method

### 2.1 Brood stock pond preparation

Pearl spots are year round breeders but it breeds profusely during February to May and October to December periods. Visual differentiation of sex status during the juvenile stage is difficult in Pearl spot. But the sexes can be identified in matured adults, especially during the breeding period. Pearl spot produce eggs easily in natural pond conditions than in the artificial structures. Hence a well prepared pond is essential for facilitating egg production.

Small sized ponds are ideal for community breeding of pearl spots. Its size can vary from few cents to acre but preferably should be below 100 cents. The selected pond should possess well-built bunds and a suitable water exchange system. In ponds with tidal inflow sluice gates can regulate water intake while in the case of pump fed ponds a pumping system should be installed prior to stocking. Proper cleaning, desilting and weeding are required to facilitate egg laying process in a pond system. Weed fishes are the major menace in Pearl spot seed production ponds. Hence utmost are should be taken to remove all the unwanted fishes from the breeding ponds. Weed fishes not only eat the eggs but also paved the way to reduce the hatching percentage. Complete drying of the ponds for few days till crack formation in the bottom is the worthy practice to reduce the weed fish problem than the other existing practices such as application of fish poisons, chemicals, etc.,

**The flow chart of the pond preparation works is**

Select a pond with minimum 3 feet water depth

⇩

Strengthen/ construct the surrounding bunds

⇩

Renovate/construct sluice/Install pumping system

⇩

Dewater the ponds and dry the pond system for 3 days (if possible)

⇩

Remove the weed plants and unwanted materials from the ponds

⇩

Remove all the unwanted and weed fishes

⇩

Apply lime @ 4 Kg/cent

⇩

Fill the pond using good quality water

⇩

Install egg depositors (e.g. bamboo pole, tiles etc) in the pond system

⇩

Stock brood fishes in the ponds

⇩

Initiate feeding two times a day

⇩

Observe and collect egg mass

⇩

Transfer the egg mass to modified hatchery system for hatching

## Lime application

Lime application is an essential practice to adjust the pH of the pond in the Pearl spot seed production ponds. Quantity of lime required for the pond will vary depending on the pH of the pond. Hence prior to initiate the lime application process pH of the pond need to be checked using tools such as pH pen or pH solution or pH paper.

## Egg depositors

In general, Pearl spots attach eggs in hard substrates present in the brood stock ponds. Naturally they prefer bamboo poles, mud tiles,

coconut husk and shell, submerged plants, submerged wood, rocks, stones, coconut leaves and other hard surface materials for depositing the eggs. Experiments using different egg depositors in ponds revealed that the bamboo poles and mud tiles are good egg depositing structures than the others. Hence to facilitate egg depositing bamboo poles or mud tiles with 1 to 1.5 m gap has to be fixed in the margins of the ponds prior to brood fish stocking.

## Stocking of brood fishes

Pearlspot, *E. suratensis* is heterosexual and is gonochoristic exhibiting external fertilization. Fish is monogamous and identification of sexes is possible only during the breeding season. Pearl spot males attain sexual maturity at 125 – 140mm length and 80 – 100 gm size while females attain at 110 – 120 mm length and 75 - 90 gm size. Body coloration and iridescence of the matured males become more intense close to the spawning season. Females are generally small when compared to males of the same age. Females genital papillae become larger, broader, reddish, swollen and appear modified into an ovipositor close to breeding season Bindu et al., 2006. Fecundity in pearl spots varies individually depending on the size and condition of the brood fishes. In normal conditions its fecundity varies from 874- 7554 (2748) numbers. Healthy brood fishes either collected from wild or grown in ponds can be used as brood fishes for the breeding programme. Optimum stocking density of adult fishes in breeding ponds ranges from 5 to 10 numbers per cent area of the pond.

## Feeding

Supplementary feeding is essential for attaining maturation and initiating breeding of Pearl spots in the pond systems. Formulated floating feeds or farm made feeds can be used as the feed. Feeding should be carried out two times a day preferably during dawn and dusk.

## Egg mass collection and hatching

Matured pearl spot start laying eggs after one to two months of stocking in the brood stock development ponds. Pearl spot prefer egg depositors sited near the margins of the ponds for laying the eggs hence its egg mass siting is a comparatively easier procedure in the ponds. Naturally, egg masses are protecting by the parents from other predatory fishes. These egg masses are the base material for the hatchery rearing works. The egg mass transporting is a vital process in the seed production phase. Special care should take to avoid exposure to air while transferring the egg mass from pond to hatching tanks. One egg mass or multiple egg masses sited on the same day can incubate in similar tanks for hatching. Preferable size of the hatching tank is 1 tonne with minimum 2.5 feet water depth. To replicate the fanning process of parent's in nature continuous aeration has to be provided in the hatching tanks. Any failure in aeration may reduce the hatching percentage of eggs in the tanks. Three to four days incubation is required to initiate the hatching process in the Pearl spots. Freshly hatched fry's lay as round groups in the tank bottom. Larvae reabsorb the yolk sac for the initial developmental process. Hence no feeding is requires for the freshly hatched larvae until free exhaustion of yolk. Generally this process will take two to three days period.

## Larval feeding

Feeding can initiate after two to three days of hatching depending on the initial growth of larvae. Readiness of feed acceptance by

the larvae can understand from its swimming behavior. Artemia nauplii are the best choice for starter diet in the tanks.

## Live feed: Artemia

Artemia are available in cyst form in packaged air tight containers mainly imported from USA or China. These cysts need 24 hour incubation in saline condition to hatch out to nauplii which is the required form of feed for predatory larvae. Freshly hatched nauplii possess all the essential PUFAs (Vikas et al., 2012a). Keeping long time without harvesting from the hatching tanks may reduce the nutritional quality as well as will increase its length. Hence feeding using freshly hatched nauplii give good results (Vikas et al., 2012b).

**Decapsulation and hatching Procedure of Artemia cysts are as follows.**

Take 1 gm Artemia cysts

⇩

Incubate at Room Temperature for 1 hour

⇩

Hydrate in distilled water for 2 hours

⇩

Wash the cyst

⇩

Dewater the cyst using 100 µm filter

⇩

Treat hydrated cyst with 0.5gm active chlorine (sodium hypochlorite)

⇩

Add 40% sodium hydroxide (0.33 ml)

⇩

Make up the volume to 15 ml with seawater

⇩

Keep the container in cool fresh water

⇩

Shake vigorously for 20 minutes

⇩

Observe the colour change and pour fresh water when the cyst colour change to orange

⇩

Add more water and decant

⇩

Wash in 0.1 N Hcl

⇩

Wash thoroughly using fresh water

⇩

Decapsulated cysts filter and wash thourougly using fresh water to remove all traces of hypochlorite. Incubate the decapsulated cyst (25 1.5oC) in seawater (35 ppt) under florescent light (1500 lux) for hatching.

⇩

Harvest the nauplii after 12 hours of incubation

## Formulated diet

In place of Artemia nauplii dry formulated larvae diet also can be used for the freshly hatched larvae. In such case feed size should be preferably below 300 micron. As per the growth of the larvae feed size also has to be increased. Readily available formulated larvae feed size are 500 micron, 700 micron and 1mm. One and half months rearing is required to reach the larvae to fry stage (1.5 cm).

## Nursery rearing

Nursery rearing is the process generally carries out to rear the fry to cultivable fingerling size (7 to 8cm). Nursery rearing can conduct both in open nursery ponds and in netlon happa systems. Nursery rearing in ponds: A well prepared pond is desirable to initiate nursery rearing in pond systems. Pond preparation includes the process such as dewatering, pond drying, weed fish removal, liming, etc., Stocking density of the fry's in the ponds may vary with the water quality parameters. Ideal stocking density in well prepared pond is ranges from 600 to 800 per cent area. Spot feeding till satiation is advised to carry five times a day in nursery rearing ponds.

Nursery rearing in Happa nets: Happa / encircled nets are widely used for nursery rearing of Pearl spot. Happa nets are fabricated using synthetic fabric of velon screen material. Stocking density vary depending on the size of fry, stocking density, water quality, depth of the pond, etc.,. Square shape happas are more convenient for handling when compared to round shape happas for Pearl spots. Ideal size of a happa net for nursery rearing in shallow ponds is 1.2m X 1.2m X 1.2 m size.

Advantages of happa nets in nursery rearing

- Controlled feeding can carry out which in turn reduce feed wastage
- Harvesting can be done easily without any injury to the frys
- Survival percentage will be high
- Management and monitoring will be easy in happa nets

### References

Jhingran, V. G. & A. V. Natarajan 1969. Derivation of average lengths of different age groups in fishes. Fish. Res. Bd. Canada, 26 (11): 3037-3076.

Bindu L 2006 Captive breeding protocols of two potential cultivable fishes, Etroplus suratensis (Bloch) and Horabagrus

brachysoma (Gunther) endemic to the Western Ghat region, Kerala. PhD Thesis (MG University)

Padmakumar KG, Krishnan A, Radhika R, Manu PS and Shiny CK 2002 Openwater fishery interventions in Kuttanad, Kerala, with reference to fishery decline and ecosystem changes; in Riverine and Reservoir Fisheries, Challenges and strategies (eds) MR Boopendranath, B Meena Kumari, J Joseph, TV Sankar, P Pravin and L Edwin (Cochin: Soc. Fish. Tech. (India), CIFT) pp15-24

Samuel CT 1969 Problems and prospects of the estuarine fisheries of Kerala. First All India Symposium on Estuarine Biology, Tambaram, Madras

Vikas P. A., N. K. Sajeshkumar • P. C. Thomas •Kajal Chakraborty • K. K. Vijayan. (2012a) Aquaculture related invasion of the exotic Artemia franciscana and displacement of the autochthonous Artemia populations from the hypersaline habitats of India. Hydrobiologia 684:129–142

Vikas, P. A., Chakraborty, K., Sajeshkumar, N. K., Thomas, P. C., Sanil, N. K., Vijayan, K. K. (2012b). Unraveling the effects of live microalgal enrichment on Artemia nauplii (2012). Indian Journal of Fisheries 59(4), 111–121.

# കാർപ്പ് മൽസ്യകൃഷി രീതികളും സാധ്യതകളും

ഡോ. പി.എ. വികാസ്
സബ്ജക്റ്റ് മാറ്റർ സ്പെഷ്യലിസ്റ്റ് (ഫിഷറീസ്)
കൃഷി വിജ്ഞാനകേന്ദ്രം (എറണാകുളം),
ഞാറയ്ക്കൽ പി. ഒ, കൊച്ചി - 682505
www.kvkernakulam.org.in

സാധാരണയായി ശുദ്ധജലാശയ മൽസ്യകൃഷി നടത്തുന്നത് പ്രകൃത്യാ കാണപ്പെടുന്നതും മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതോ അല്ലാത്തതോ ആയ കുളങ്ങൾ, തോടുകൾ, പാറമടകൾ, പാടങ്ങൾ എന്നിവയിലാണ്. ഇത്തരത്തിലുള്ള കൃഷിയിടങ്ങൾ ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ കൃത്രിമമായി നിർമ്മിക്കുന്ന കുളങ്ങൾ, ടാങ്കുകൾ എന്നിവയിലും മൽസ്യകൃഷി വ്യവസായിക അടിസ്ഥാനത്തിൽ ചെയ്തുവരുന്നുണ്ട്. ഇതിന് പുറമേ നിലവിലുള്ള കൃഷി രീതികളുമായി സംയോജിപ്പിച്ചും ശുദ്ധജലാശയ മൽസ്യകൃഷി നടത്തിവരുന്നുണ്ട്. ഇത്തരത്തിൽ നടത്തിവരുന്ന സംയോജിത കൃഷി രീതിയ്ക്ക് ഏറ്റവും ഉത്തമമായ ഉദാഹരണം കൃഷിയിടങ്ങളിൽ നനയ്ക്കുന്നതിനായി നിർമ്മിക്കുന്ന മഴവെള്ള ജലസംഭരണികളിൽ നടത്തുന്ന മൽസ്യകൃഷിയാണ്. മൽസ്യകൃഷിയിലൂടെ വരുമാനം വർദ്ധിപ്പിക്കുന്നതോടൊപ്പം മത്സ്യങ്ങളുടെ കാഷ്ടവും മറ്റ് തീറ്റ അവശിഷ്ടങ്ങളും കൊണ്ട് സംപുഷ്ടമായ ജലം ചെടികൾക്ക് നല്ല വളമായി മാറുന്നതുമാണ്. ഇത് വഴി അവയുടെ വളർച്ചയ്ക്ക് അത്യാവശ്യമായ ധാതുലവണങ്ങൾ ലഭിക്കുന്നതാണ്.

**കാർപ്പ് മൽസ്യകൃഷി**

കാർപ്പ് എന്ന പൊതുവെ അറിയപ്പെടുന്ന നിരവധി വിഭാഗങ്ങളിലായുള്ള മൽസ്യങ്ങളെ ലോകത്തിന്റെ നാനാഭാഗങ്ങളിലും ചെറിയതും, വ്യവസായിക അടിസ്ഥാനത്തിലുള്ളതും ആയ രീതിയിൽ കൃഷി ചെയ്തുവരുന്നുണ്ട്. കാർപ്പ്, സൈപ്രിനിഡെ കുടുംബത്തിൽ പെട്ടവയാണ്. ലോകത്ത് ഇന്ന് നിലനിൽക്കുന്ന ആകെ മൽസ്യകൃഷിയുടെ 70 ശതമാനത്തോളം കാർപ്പ് മൽസ്യങ്ങളെ ഉപയോഗിച്ചുള്ള കൃഷിരീതിയാണ്. ഇവ കൂടുതലായും ചെയ്യുന്നത് ശുദ്ധജലാശയങ്ങളിൽ ആണ്. സൈപ്രിനിഡെ കുടുംബത്തിൽ ആയിരത്തി അറന്നൂറിൽ പരം വിഭാഗത്തിൽപ്പെട്ട മൽസ്യങ്ങൾ കാണപ്പെടുന്നുണ്ട്. ഇവയിൽ 34 ഇനത്തിൽപ്പെട്ട മൽസ്യവിഭാഗങ്ങളെയാണ് കൃഷി ആവശ്യത്തിനായി ഉപയോഗിക്കുന്നത്. ഇതിൽ പ്രധാനപ്പെട്ടത് സിൽവർകാർപ്പ്, ഗ്രാസ് കാർപ്പ്, കോമൺ കാർപ്പ്, കട്ട്ല, രോഹു, മൃഗാൽ എന്നിവയാണ്.

വിവിധ കാർപ്പ് മൽസ്യങ്ങൾ വ്യത്യസ്ത ആഹാര രീതി പിൻതുടർന്നവരാണ്. പ്രധാന കാർപ്പ് മൽസ്യങ്ങളുടെ ആഹാര ക്രമം താഴെ ചേർക്കുന്നു.

| | **മൽസ്യഇനം** | **പ്രധാനഭക്ഷണം** | **ഭക്ഷണം കഴിക്കാൻ തിരഞ്ഞെടുക്കുന്ന സ്ഥലം** |
|---|---|---|---|
| 1. | ഗ്രാസ് കാർപ്പ് | ജല സസ്യങ്ങൾ, പുല്ലുകൾ | ജലോപരിതലം |
| 2. | രോഹു | അവശിഷ്ടങ്ങൾ | അടിത്തട്ട് |
| 3. | കട്ട്ല | ജല സസ്യങ്ങൾ ജന്തു പ്ലവങ്ങൾ | ജലോപരിതലം |
| 4. | സിൽവർകാർപ്പ് | സസ്യപ്ലവങ്ങൾ<br>ജന്തു പ്ലവങ്ങൾ | ജലോപരിതലം |

### പ്രജനനം

കാർപ്പ് മൽസ്യങ്ങൾ മുട്ടയിട്ടാണ് കുഞ്ഞുങ്ങളെ ഉൽപാദിപ്പിക്കുന്നത്. കുറഞ്ഞത് മൂന്ന് വർഷമെങ്കിലും വളർച്ചെയത്തിയ മൽസ്യങ്ങളാണ് മുട്ടയിടുന്നതിന് പാകമാകുന്നത്. പ്രകൃത്യാ നടക്കുന്ന പ്രത്യുൽപാദനം വർഷത്തിൽ ഒരിക്കൽ എന്ന ക്രമത്തിൽ ആണ് നടക്കുന്നത്. ജൂൺ, ജൂലൈ മാസങ്ങളിലെ പുതുമഴയോടനുബന്ധിച്ചാണ് കൂടുതലായും ഈ മൽസ്യങ്ങൾ മുട്ടയിടുന്നതും കുഞ്ഞുങ്ങളെ ഉൽപാദിപ്പിക്കുന്നതും. കൃത്യമായ രീതിയിൽ ഹോർമോൺ കുത്തിവെച്ച് മൽസ്യ കുഞ്ഞുങ്ങളെ ഉൽപാദിപ്പിക്കുന്ന രീതിയാണ് ഏറ്റവും പ്രചാരത്തിൽ ഉള്ളത്. ഇത്തരത്തിൽ നടത്തുന്ന പ്രത്യുൽപാ ദനം എല്ലാ കാലാവസ്ഥാ സാഹചര്യങ്ങളിലും, സമയങ്ങളിലും ന ടത്താവുന്നതാണ് ആയതിനാ ൽ വ്യവസായിക അടിസ്ഥാനത്തിലുള്ള മൽസ്യ കൃഷിക്ക് കൃത്രിമമായ രീതിയിൽ പ്രജനനം നടത്തി ഉത്പാദിപ്പിക്കുന്ന മൽസ്യകുഞ്ഞുങ്ങളെയാണ് ഉപയോഗിക്കുന്നത്.

### മൽസ്യകുഞ്ഞുങ്ങളുടെ പരിപാലനം.

### 1) കുളം ഒരുക്കൽ

മൽസ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനു മുൻപ് കുളം ഒരുക്കുക എന്നത് വളരെ പ്രധാനപ്പെട്ട പ്രവർത്തനങ്ങളിൽ ഒന്നാണ്. ഉപദ്രവകാരികളായ ജീവികൾ, മൽസ്യങ്ങൾ, പരാദ സസ്യങ്ങൾ, എന്നിവയെ പൂർണ്ണമായും നശിപ്പിച്ച് മറ്റേണ്ടത് അത്യന്താപേക്ഷിതമാണ്. പരിപൂർണ്ണമായും വറ്റിക്കാവുന്ന കുളങ്ങൾ ആണെങ്കിൽ കുറഞ്ഞത് മൂന്ന് ദിവസമെങ്കിലും ഉണങ്ങാൻ അനുവദിച്ചാൽ അനാവശ്യ ജന്തു ജീവജാലങ്ങൾ നശിച്ച് പോകുന്നതുവഴി കൃഷിയിടം പരിപൂർണ്ണമായും വൃത്തിയാവുന്നതാണ്. ഇത്തരത്തിൽ വൃത്തിയാക്കുന്നതാണ് ഏറ്റവും ഫലവത്തായതും, ആദായകരവുമായ മാർഗ്ഗം. എന്നാൽ പരിപൂർണ്ണമായും ജലം പമ്പ് ചെയ്തോ മറ്റ് രീതികൾ ഉപയോഗിച്ചോ വറ്റിക്കാൻ സാധിക്കാത്ത കുളങ്ങളിൽ ജൈവ/രാസ കളനാശിനികൾ ഉപയോഗിക്കണം. ഇവയുടെ പ്രയോഗത്തിന് മുൻമ്പ് കുളത്തിലെ ജലത്തിന്റെ അളവ് പരമാവധി കുറയ്ക്കുന്നത് ഉത്തമമായിരിക്കും. ജൈവവിഷ സംയുക്തമായ മഹുവ പിണ്ണാക്ക് അഥവ ഇരുപ്പ, 7 മുതൽ 9 കിലോ വരെ ഒരു സെന്റ് കൃഷിയിടത്തിൽ എന്ന ക്രമത്തിൽ പ്രയോഗിച്ചാൽ കുളത്തിലെ മൽസ്യങ്ങളെല്ലാം നശിപ്പിച്ച് കളയാവുന്നതാണ്. മൽസ്യ കുഞ്ഞുങ്ങളെ കുളത്തിൽ നിക്ഷേപിക്കുന്നതിന് മൂന്ന് ആഴ്ച മുൻപ് വേണം കള നശീകരണം നടത്തേണ്ടത്.

രാസസംയുക്തങ്ങളായ ബ്ലീച്ചിംഗ് പൗഡർ, യൂറിയ, അമോണിയ എന്നിവയും കളമൽസ്യങ്ങളെ നശിപ്പിച്ച് മാറ്റുന്നതിനായി ഉപയോഗിക്കാം. 30% ക്ളോറിൻ ഉള്ള ബ്ലീച്ചിംഗ് പൗഡർ 1.3 കിലോ ഒരു സെന്റ് കുളത്തിൽ എന്ന തോതിൽ ഉപയോഗിക്കാവുന്നതാണ്. അല്ലെങ്കിൽ ഒരു സെന്റ് സ്ഥലത്ത് 390 ഗ്രാം യൂറിയയും, 680 ഗ്രാം ബ്ലീച്ചിംഗ് പൗഡറും ചേർത്തും പ്രയോഗിക്കാവുന്നതാണ്.

### 2) വളപ്രയോഗം

കളമൽസ്യങ്ങളെ നശിപ്പിച്ച് വൃത്തിയാക്കിയ കുളങ്ങളിൽ സസ്യ പ്ലവങ്ങളുടെയും ജന്തുപ്ലവങ്ങളുടെ ഉൽപാദനം നടക്കുന്നതിന് വളപ്രയോഗം നടത്തേണ്ടതാണ്. മൽസ്യ കുഞ്ഞുങ്ങൾക്ക് വേണ്ട തീറ്റ ലഭിക്കുന്നതോടൊപ്പം ജലത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുമെന്നുള്ളതാണ് വളപ്രയോഗം കൊണ്ടുള്ള പ്രധാനഗുണം. വള പ്രയോഗം നടത്തുന്നതിനായി ജൈവവളമായ ചാണകം, രാസവളമായ യുറിയ, ഫോസ്ഫേറ്റ് എന്നിവ ഉപയോഗിക്കാവുന്നതാണ്. മൽസ്യ കുഞ്ഞുങ്ങളെ കുളങ്ങളിൽ ഇറക്കുന്നതിന് 15 ദിവസം മുൻപ് ചാണകം സെന്റിന് 10 കിലോ എന്ന അളവിൽ അല്ലെങ്കിൽ മൂന്നിൽ രണ്ട് ഭാഗം 15 ദിവസം മുമ്പും ബാക്കി ഭാഗം മൽസ്യകുഞ്ഞുങ്ങളെ ഇറക്കി ഒരു ആഴ്ചയ്ക്ക് ശേഷം എന്ന ക്രമത്തിലോ പ്രയോഗിക്കാവുന്നതാണ്. രാസവളമായ യൂറിയ 240gm ട്രിപ്പിൾ സൂപ്പർ ഫോസ്ഫേറ്റ് 30gm ഒരു സെന്റിന് ഒരു ആഴ്ചയ്ക്ക് എന്ന ക്രമത്തിലും ഉപയോഗിക്കാവുന്നതാണ്.

## ചെറിയ മൽസ്യകുഞ്ഞുങ്ങളുടെ (ലാർവ്വകളുടെ) പരിപാലനം

ഒരു സെന്റ് സ്ഥലത്ത് 6000 ലാർവ്വകളെയാണ് (മുട്ടവിരിഞ്ഞതിന് ഉടനെയുള്ള) പരിപാലനത്തിനായി കുളങ്ങളിൽ നിക്ഷേപിക്കേണ്ടത്. ലാർവ്വകളെ കുളത്തിൽ നിക്ഷേപിച്ച് 24 മണിക്കൂറിന് ശേഷം തീറ്റകൊടുത്ത് തുടങ്ങാവുന്നതാണ്. പോഷകാഹാരക്കുറവ് മൂലം മൽസ്യകുഞ്ഞുങ്ങൾ നശിച്ച് പോകാതിരിക്കുന്നതിനും, ഇവയുടെ വളർച്ച ത്വരിതപ്പെടുത്തുന്നതിനും കൃത്യമായ അളവിലും ഇടവേളകളിലും തീറ്റ നൽകേണ്ടതാണ്. കപ്പലണ്ടിപ്പിണ്ണാക്ക് പൊടിച്ച് കോഴിമുട്ടയുടെ മഞ്ഞക്കരു ചേർത്ത് മിശ്രിതമാക്കി രാവിലെ, ഉച്ചയ്ക്ക്, വൈകീട്ട് എന്ന ക്രമത്തിൽ നൽകാം. ഇത്തരത്തിൽ തീറ്റ തയ്യാറാക്കുമ്പോൾ ഒരു മുട്ടയുടെ മഞ്ഞക്കരു 5000 ലാർവ്വയ്ക്ക് പ്രതിദിനം എന്ന കണക്കിൽ വേണം തീറ്റ തയ്യാറാക്കേണ്ടത്.

ഈ തീറ്റ കുറഞ്ഞത് ഒരു മാസത്തേക്കെങ്കിലും തുടർച്ചയായി നൽകേണ്ടതാണ്. ഇത്തരത്തിൽ തീറ്റ നൽകി വിരൽ വലിപ്പം (3-4 സെ.മീ.) ആകുമ്പോൾ ഇവയെ പിടിച്ചെടുത്ത് വലിയ കുളത്തിലേക്ക് മാറ്റി വളർത്താൻ വിടാം. വിരൽ വലിപ്പമെത്തിയ കുഞ്ഞുങ്ങളെ ഹാച്ചറികളിൽ നിന്നും ലഭ്യമാവുകയാണെങ്കിൽ മുകളിൽ പറഞ്ഞ പരിപാലന ഘട്ടം ഒഴിവാക്കാവുന്നതാണ്.

## നേഴ്സറി കുളങ്ങളിലെ പരിപാലനം

